പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 78 — 18.03.2013 ൽ മറുപടിയ്ക്ക്

**ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകൾ**

| ചോദ്യം<br>ശ്രീ.എം.ഉമ്മർ | ഉത്തരം<br>ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് ജൈവവൈവിധ്യം സംബന്ധിച്ച വിവരങ്ങൾ അടങ്ങുന്ന ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകൾ തയ്യാറാക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. ജൈവവൈവിധ്യ രജിസ്റ്ററുകൾ തയ്യാറാക്കുന്നത് 2002-ലെ ജൈവവൈവിധ്യനിയമ പ്രകാരം എല്ലാ ഗ്രാമപഞ്ചായത്തുകളുടെയും നിയമാനുസൃത ചുമതലയാണ്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജൈവവൈവിധ്യ രജിസ്റ്റർ (PBR) തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഇതുവരെ 496 ഗ്രാമപഞ്ചായത്തുകളിൽ രജിസ്റ്റർ പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത രജിസ്റ്ററുകൾ തയ്യാറാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നറിയിക്കുമോ; | (ബി) അതാത് ഗ്രാമപഞ്ചായത്തുകളാണ് ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നത്. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ആവശ്യമായ സാങ്കേതിക സഹായം നല്കുന്നുണ്ട്. |
| (സി) പ്രസ്തുത രജിസ്റ്ററിൽ എന്തെല്ലാം വിവരങ്ങളാണ് ഉൾക്കൊള്ളിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ജൈവവൈവിധ്യ സംബന്ധമായ എല്ലാവിധ വിവരങ്ങളും- കാർഷിക വിളകൾ, ഔഷധ സസ്യങ്ങൾ, വന്യസസ്യങ്ങൾ, വളർത്തുമൃഗങ്ങൾ, മറ്റ് വന്യ ജന്തുക്കൾ തുടങ്ങിയവയും അവയുമായി ബന്ധപ്പെട്ട പരമ്പരാഗത നാട്ടറിവുകളും ഉപയോഗരീതികളുമാണ് രജിസ്റ്ററിൽ പ്രധാനമായും ഉൾക്കൊള്ളിക്കുന്നത്. |

സെക്ഷൻ ഓഫീസർ